# പതിനെട്ടാമത്തെ ആന—മൂന്ന് ആത്മഗതങ്ങൾ


**സിനിമ**

അനിത. കെ. എസ്

മലയാളിക്ക് ആന കുട്ടിക്കാലം മുതലേ പരിചയപ്പെടുന്ന ഒരത്ഭുതജീവിയാണ്. ആരുടെ കുട്ടിക്കാലത്തും ആനയെക്കുറിച്ചുള്ള ചില ഓർമ്മകൾ കാണും. നമ്മുടെ പൂരങ്ങൾ ആന പോകുന്ന പൂരങ്ങളാണ്. നമ്മുടെ പെണ്ണുങ്ങൾക്ക് ആനച്ചന്തമുണ്ട്. ആനവായിൽ അമ്പഴങ്ങയുണ്ട്........ ചങ്ങലക്കിലുക്കവും ആനയും തമ്മിലും പാപ്പാനും ആനയും തമ്മിലും ആനക്കോലും തോട്ടിയും ആനയും തമ്മിലും കുട്ടിക്കാലം തൊട്ടുതന്നെ ബന്ധപ്പെടുത്തിയതിനാൽ നാമൊന്നും അതിൽ അസ്വഭാവികത കാണുന്നില്ല. എന്നാൽ 'സ്വാഭാവികമായ' ആ ആത്മബന്ധത്തിനു പിന്നിലെ കണ്ണീരാണ് ഈയിടെ തൃശ്ശൂരിൽ പ്രദർശിപ്പിച്ച, പി, ബാലൻ സംവിധാനം ചെയ്ത "The Eighteenth Elephant- Three monolagues" എന്ന ഡോക്യുമെന്ററി കാണിച്ചുതരുന്നത്.

'സഹ്യന്റെ മകൻ' എന്ന കവിത ഓർക്കാതെ ആനയുടെ ഉൾജീവിതത്തിലേക്ക് കവിത വായിക്കുന്ന മലയാളികൾക്ക് കടക്കാനാവില്ല. ഇരുളും നിലാവും ചേരുന്ന/മസ്തിഷ്കത്തിന്റെ ഇരുളിൽ ഭ്രാന്തിന്റെ നിലാവ് പൊഴിയുന്ന സഹ്യന്റെ മകന്റെ ആത്മഗതങ്ങൾ കാട്ടിലേക്കും കുട്ടിക്കാലത്തേക്കും ചേക്കേറുന്നു. പി. ബാലന്റെ ഡോക്യുമെന്ററിയിലും ഒരാത്മഗതം കുട്ടിക്കാലത്തെയും നഷ്ടമായ വനജീവിതത്തെയും കുറിച്ചുള്ളതാണ്.

ഉത്സവങ്ങൾ/പൂരങ്ങൾ ദൈവത്തിന്റെ നാട്ടിലെ പ്രധാന ആഘോഷമാണ്. നെറ്റിപ്പട്ടം കെട്ടി കട ച്ചടിയ ആനയാണ് (കൊമ്പൻ) അതിലെ പ്രധാന പ്രദർശനവസ്തു. മേളത്തിന് കാതാട്ടി രസിക്കുന്ന മിത്ത്, പൊടിപ്പും തൊങ്ങലുമായി നമ്പൂതിരിമാരുടെ ആനക്കഥകളിലൂടെ നമ്മുടെ ഉള്ളിൽ ജീവിക്കുന്നുമുണ്ട്. എന്നാൽ ശക്തമായ വെയിലത്ത് ടാറിട്ട റോഡിലൂടെ നടത്തി കൊടും ദ്രോഹമേൽപ്പിക്കുകയാണ് എന്ന് നാം മറന്നുപോകുന്നു. ഇങ്ങനെ നാം മറന്നുപോകുന്ന ക്രൂരതയുടെ ഓരോരോ വശങ്ങളാണ് ആർദ്രമായ ഹൃദയത്തോടെ ബാലന്റെ ഡോക്യുമെന്ററി കാണിച്ചുതരുന്നത്. ആനച്ചന്തയുടെ ദൃശ്യങ്ങളും മനസ്സിനെ നോവിക്കും.




ആനക്കൊമ്പിനുവേണ്ടിയുള്ള ആനവേട്ടകൾ, ഭീമമായി കുറഞ്ഞ കൊമ്പനാനകളുടെ എണ്ണം, അപകടം പറ്റി വീഴുന്ന ആനകൾ, ലോറിയിലും മറ്റും കൊണ്ടുപോകുമ്പോൾ ആന അനുഭവിക്കുന്ന വേദനകൾ, വേണ്ടത്ര ഉറക്കും വൃത്തിയും വെള്ളവും നിന്നുതിരിയാനിടവുമില്ലാതെ(ഭക്ഷണവും വിശ്രമവും രതിയുമില്ലാതെ)- ആനകൾ(ദേവസ്വങ്ങളും മറ്റും സ്വന്തമാക്കിയ) നരകിക്കുന്ന കാഴ്ച..... എല്ലാറ്റിലേക്കും ഈ ചിത്രം നോട്ടം നീട്ടുന്നു.

ഈ ചിത്രത്തിന്റെ 'പ്രായോജകർ' മനുഷ്യന്റെ ആർത്തി മൂലം വംശനാശം വന്ന പറവകളും മൃഗങ്ങളുമാണ്. ആഖ്യാനത്തിൽ ഇത്തരമൊരു ഖണ്ഡം-ടെക്നിക്-ഉപയോഗിച്ചിരിക്കുന്ന ചിത്രത്തിൽ കൂടുതൽ ഉൾക്കാഴ്ചകൾ പ്രദാനം ചെയ്യുന്നുണ്ട്. ശബ്ദവിന്യാസത്തിലെ ശ്രദ്ധ/ക്യാമറയുടെ ഭംഗികൾ എല്ലാം ഈ ചിത്രത്തിന് ജീവൻ നൽകുന്നു.

ഡോക്യുമെന്ററികൾ എന്നാൽ വിരസമായ സ്ഥിതിവിവരക്കണക്കും ആഖ്യാനവുമല്ല എന്ന് ഈ ചിത്രം അടിവരയിട്ടു പറയുന്നു. കണക്കുകളല്ല, കാണിയുടെ മനസ്സിലേക്ക് ഒരു കാര്യം തീവ്രമായി പകരുകയാണ് കാര്യം- അത് സുന്ദരമായി ഈ ചിത്രം ചെയ്തിരിക്കുന്നു.

എന്നാൽ പ്രാഥമികമായും ദേശീയ/വിദേശ കാണികളെയാണ് ഇതുദ്ദേശിച്ചിരിക്കുന്നത് എന്ന് ഇംഗ്ലീഷിലുള്ള ആത്മഗതം വെളിവാക്കുന്നു. ആഴത്തിൽ/വൈകാരികതയുൾക്കൊണ്ട് നടത്തുന്ന ആത്മഗതം(ശബ്ദം നൽകിയത്- ആർ. രാധ) ഹൃദയത്തിലേക്കിറങ്ങും. പക്ഷെ ചിത്രം കണ്ടുകഴിയുമ്പോൾ ഒരു സംശയം ബാക്കിയാകുന്നു. ദൃശ്യങ്ങൾ തന്നെ വേണ്ടത്ര സംസാരിക്കുന്ന ചിത്രത്തിൽ 'ആത്മഗതം' എന്ന പേരിൽ പശ്ചാത്തലത്തിൽ എന്തിനിത്ര വാക്കുകൾ ചെലവഴിച്ചു? മലയാളികൾക്ക് വെറുമൊരു തൊടൽ കൊണ്ട് അനുഭവവേദ്യമാകുന്ന കാര്യങ്ങൾ വിദേശികൾക്ക് വാക്കുകൾ കൂടിയുണ്ടെങ്കിലേ അറിയൂ എന്നാണോ? ആർ. രാധ തിരക്കഥ തയ്യാറാക്കിയിരിക്കുന്ന ഈ ചിത്രത്തിന്റെ ക്യാമറ കെ. ജി. ജയൻ, രാജീവ് രവി, മണിലാൽ പടവൂർ, മധു, ശരത്ചന്ദ്രൻ, ബൈജു എന്നിവരാണ്.

ഒരു മലയാളിക്ക് നിത്യജീവിതത്തിലെ നിത്യവിസ്മയമെങ്കിലും സ്വന്തം അംശമായ അത്ഭുതമാണ് ആന. ആ ആനയുടെ ജീവിതത്തിലെ നമ്മുടെ അത്ഭുതങ്ങളോരോന്നും നാമേൽപ്പിക്കുന്ന പീഡനങ്ങളാണ് എന്നറിയുമ്പോൾ ഈ ആർഭാടങ്ങളെല്ലാം മലയാളി ഉപേക്ഷിക്കുമോ?

കേരളത്തിൽ അങ്ങോളമിങ്ങോളം ഈ ചിത്രം പ്രദർശിപ്പിക്കുന്നത് കേരളീയരുടെ ആനയോടുള്ള അന്ധമായ ആരാധനയ്ക്കു പിന്നിലെ വേദനകൾ വെളിവാക്കും എന്നു കരുതാം. ഇതിന്റെ നിർമ്മാതാക്കളായ ശിവാനി ക്രിയേഷൻസും സാവിത്രി ദിവാകരനും നിർമ്മാണത്തിന് സഹായിച്ച സുഹൃത്തുക്കൾക്കും മുട്ടത്തുവർക്കി ട്രസ്റ്റ് ഇതിനായി നൽകിയ ആനന്ദിനും എല്ലാം ഈ ചിത്രത്തെ ചൊല്ലി അഭിമാനിക്കാവുന്നതാണ്.